**DCETVM/1361/2026-Q3**

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ, തിരുവനന്തപുരം

തിയ്യതി : **17-02-2026**

**വിജ്ഞാപനം**

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം -2023-24 അധ്യയന വർഷത്തെ മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം ( CM സ്കോളർഷിപ്പ് ) അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നത് സംബന്ധിച്ച് :-

---

ബഹ: മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം വിതരണം ചെയ്യുന്നതിനായി 2023-24 അധ്യയന വർഷത്തിൽ പഠനം പൂർത്തീകരിച്ച ബിരുദ വിദ്യാർത്ഥികൾക്ക് (3/4/5 വർഷ ബിരുദ കോഴ്സുകൾ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വീതം 1000 പേർക്ക് സ്കോളർഷിപ്പ് ആയി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സ്കോളർഷിപ്പിനായി താഴെ പറയുന്ന 13 യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിവിധ വിഷയങ്ങളിൽ 2023-24 അധ്യയന വർഷം വിജയകരമായി പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്ക് https://cmprathibhapuraskaram.kerala.gov.in എന്ന പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 26.02.2026 ആണ്. സ്കോളർഷിപ്പ് സംബന്ധിച്ച മാർഗ്ഗ രേഖ ചുവടെ നൽകുന്നു.

**മാർഗ്ഗരേഖ**

1. 2023-24 അധ്യയന വർഷം ബിരുദ കോഴ്സ് ( 3/4/5 വർഷ ബിരുദ കോഴ്സുകൾ) വിജയകരമായി പൂർത്തീയാക്കിയവരിൽ നിന്നും ബിരുദതല പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും അർഹരായവരെ തിരഞ്ഞെടുക്കുന്നത്.
2. കേരളത്തിലെ താഴെ പറയുന്ന യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഡിഗ്രി/തത്തുല്യ കോഴ്സുകളിൽ റെഗുലറായി കോഴ്സ് പൂർത്തീകരിച്ചവരിൽ 75 % ന് മുകളിൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
3. അതത് യൂണിവേഴ്സിറ്റി നിഷ്കർഷിച്ചിട്ടുള്ള ഫോർമുല ഉപയോഗിച്ച് കണക്കാക്കുന്ന ആകെ മാർ്ക്കിന്റെ ശതമാനമായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്

| NO. | UNIVERSITY |
|---|---|
| 1 | UNIVERSITY OF KERALA |
| 2 | UNIVERSITY OF CALICUT |
| 3 | COCHIN UNIVERSITY OF SCIENCE AND TECHNOLOGY |
| 4 | MAHATHMA GANDHI UNIVERSITY |
| 5 | KANNUR UNIVERSITY |
| 6 | KERALA UNIVERSITY OF HEALTH SCIENCES |
| 7 | KERALA VETERINARY AND ANIMAL SCIENCE UNIVERSITY |
| 8 | KERALA AGRICULTURAL UNIVERSITY |
| | KERALA UNIVERSITY OF FISHERIES AND OCEAN |

| | |
|---|---|
| 9 | STUDIES |
| 10 | NATIONAL UNIVERSITY OF ADVANCED LEGAL STUDIES |
| 11 | SREE SANKARACHARYA UNIVERSITY OF SANSKRIT |
| 12 | A P J ABDUL KALAM TECHNOLOGICAL UNIVERSITY |
| 13 | KERALA KALAMANDALAM |

4. അപേക്ഷകൾ ലഭിക്കുന്നതിൽ നിന്ന് മെറിറ്റ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കായിരിക്കും സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുക. ഓരോ യൂണിവേഴ്സിറ്റിയിലേയും ഡിഗ്രി വിഭാഗത്തിലെ ഓരോ വിഷയത്തിലും പഠിച്ച ആകെ വിദ്യാർത്ഥികളുടെ ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിനു ആനുപാതികമായി സ്കോളർഷിപ്പിന്റെ എണ്ണം പരിമിതപ്പെടുത്തും

5. അപേക്ഷകരുടെ വാർഷിക വരുമാനം 2,50,000/- (രണ്ടു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയിൽ കവിയരുത്.

6. ഓരോ യൂണിവേഴ്സിറ്റികളിലേയും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിഷയങ്ങൾക്ക് അനുസൃതമായി വെവ്വേറെ ആയിട്ടായിരിക്കും സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.

7. യൂണിവേഴ്സികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഒരു വിഷയത്തിന്റെ വിവിധ സ്കീമുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുന്നത്.

8. ഓരോ യൂണിവേഴ്സിറ്റിയിൽ നിന്നും മതിയായ അപേക്ഷകർ ഇല്ലാത്ത പക്ഷം അതത് യുണിവേഴ്സിറ്റികളിലെ മറ്റു കോഴ്സുകളിലെ അർഹരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

9. ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകുന്ന "ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ്" ലഭിച്ച വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല,

10. യൂണിവേഴ്സിറ്റിയിലെ ഗവ:/എയ്ഡഡ്/ഓട്ടോണമസ്/സെൽഫ് ഫിനാൻസ് കോളേജുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുക.

11. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഡിഗ്രി സർട്ടിഫിക്കറ്റ്/ കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് , വരുമാന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷിക്കുന്ന സമയത്ത് അപ്ലോഡ് ചെയ്യേണ്ടതാണ്.

12. അപേക്ഷ ഓൺലൈൻ ആയിട്ടാണ് സമർപ്പിക്കേണ്ടത്. പ്രിന്റൌട്ടും അനുബന്ധ രേഖകളും ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല എന്ന കാര്യം പ്രത്യേകം നിഷ്കർഷിക്കുന്നു.

13. അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് താഴെ നൽകിയിട്ടുള്ള നമ്പറിലും ഇ-മെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

Mob : 9447096580, 9446780308.
email : dcecmscholarship@gmail.com

ഉന്നത വിദ്യാഭ്യാസത്തിൽ തുല്യതയും മികവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് മേൽ പറഞ്ഞ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്ത , ഇതുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും വിഷയങ്ങൾ വന്നാൽ അത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വിവേചനാധികാരം ഉണ്ടായിരിക്കും. പദ്ധതിയും അതിന്റെ നടത്തിപ്പും സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ ആയതിന്മേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

Digitally signed by
Mohan Das R
Date: 17-02-2026
16:47:48

സ്പെഷ്യൽ ഓഫീസർ ഫോർ
സ്കോളർഷിപ്പ്സ്

---------------------
---------------------